പതിമൂന്നാം കേരള നിയമസഭ

ഒന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ **2143** — **15-07-2011**-ൽ മറുപടിക്ക്

ശ്രീമതി.കെ. ആർ. ശ്രീലേഖയുടെ തടഞ്ഞുവച്ചിരിക്കുന്ന ശമ്പളം നൽകാൻ നടപടി

| ചോദ്യം | ഉത്തരം |
| --- | --- |
| ശ്രീ. വി.ഡി.സതീശൻ: | ശ്രീ. പി.കെ. അബ്ദുറബ്ബ്<br>(വിദ്യാഭ്യാസ വകുപ്പ് മന്ത്രി) |
| (എ).ചിറയിൻകീഴ് എസ്.സി.വി.ബി.എച്ച്.എസ്സിലെ അദ്ധ്യാപികയായ ശ്രീമതി.കെ. ആർ. ശ്രീലേഖയുടെ ശമ്പളം 01/08/2010 മുതൽ തടഞ്ഞുവച്ചിരിക്കുന്നത് സംബന്ധിച്ച പരാതിയിൽ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ; | (എ).ചിറയിൻകീഴ് എസ്.സി.വി.ബി.എച്ച്.എസ്സിലെ അദ്ധ്യാപികയായ ശ്രീമതി.കെ. ആർ. ശ്രീലേഖയെ മാനേജർ 2010-11 വർഷത്തെ അധിക ഡിവിഷൻ തസ്തികയിൽ സ്ഥലം മാറ്റം നൽകി നിയമിച്ചു. എന്നാൽ 2010-11 വർഷത്തെ തസ്തിക നിർണ്ണയത്തിൽ പ്രസ്തുത തസ്തിക അനുവദിച്ചില്ല. തസ്തികയും പ്രൊട്ടക്ഷൻ ആനുകൂല്യവും ഇല്ലാത്തതിനാൽ ആറ്റിങ്ങൽ ജില്ലാ വിദ്യാഭ്യാസ ഓഫീസർ 2.8.2010 മുതൽ ശമ്പളം അനുവദിച്ചു നൽകിയില്ല. സർക്കാരിൽ ലഭിച്ച പരാതിയുടെ അടിസ്ഥാനത്തിൽ ശ്രീമതി ശ്രീലേഖയെ സ്ഥലമാറ്റുന്നതിന് പ്രസ്തുത മാനേജർക്ക് അധികാരമില്ലെന്ന് കണ്ടതിനാൽ ടിയാളെ ചിറയിൻകീഴ് എസ്.സി.വി.ജി.എച്ച്.എസ്സിൽ പഴയ തസ്തികയിൽ തുടരാൻ അനുവദിച്ച് 07/02/2011ൽ ഗവൺമെന്റ് നിർദ്ദേശം നൽകുകയുണ്ടായി |
| (ബി) ശ്രീമതി കെ. ആർ ശ്രീലേഖയെ എസ്.എസ്.വി.ജി.എച്ച്.എസ്സിലെ പഴയ തസ്തികയിലേക്ക് തിരികെ സ്ഥലം മാറ്റണമെന്ന് ഗവൺമെന്റ് ആവർത്തിച്ച് നിർദ്ദേശം നൽകിയിട്ടും പ്രസ്തുത നിർദ്ദേശം നടപ്പിലാക്കാത്ത സ്കൂൾ അധികൃതർക്കെതിരെ എന്ത് നടപടി സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ; | (ബി) ഈ വിഷയം പരിശോധിച്ച് 9/5/2011-ലെ 22392/എ3/11/പൊവി. നമ്പർ കത്ത് പ്രകാരം 7.2.2011-ലെ കത്തിലെ നിർദ്ദേശം കർശനമായി പാലിക്കുവാൻ സർക്കാർ മാനേജരോട് ആവശ്യപ്പെട്ടിട്ടുണ്ട്. അല്ലാത്തപക്ഷം കേരള വിദ്യാഭ്യാസ ചട്ടം അദ്ധ്യായം 3, റൂൾ 7 പ്രകാരം മാനേജർക്കെതിരെ അച്ചടക്ക നടപടി സ്വീകരിക്കുന്നതാണെന്നുമറിയിച്ചിട്ടുണ്ട്. |

| | |
|---|---|
| (സി) 2010 -ലെ എസ്.എസ്.എൽ.സി മൂല്യനിർണ്ണയത്തിനും വെക്കേഷൻ കോഴ്സിനും പങ്കെടുത്തതിന് ഈ അദ്ധ്യാപികയ്ക്ക് അർഹതപ്പെട്ട ലീവ് സറണ്ടർ മാറി നൽകുന്നതിന് നടപടി സ്വീകരിക്കുമോ; | (സി) 2010-ൽ അർഹതപ്പെട്ട ലീവ് സറണ്ടർ മാറി നൽകുന്നതിനുള്ള അപേക്ഷ ആറ്റിങ്ങൽ ജില്ലാ വിദ്യാഭ്യാസ ഓഫീസിൽ ലഭിച്ചിട്ടില്ല. |
| (ഡി) റെഗുലർ വേക്കൻസിയിൽ അല്ലാതെ പുതിയതായി നിലവിൽ വരാൻ സാധ്യതയുള്ള തസ്തികയിൽ പ്രമോഷൻ നൽകി നിയമിക്കുന്ന അദ്ധ്യാപകർക്ക് പ്രൊമോഷൻ അംഗീകരിക്കുന്നതുവരെ അവർ വാങ്ങിക്കൊണ്ടിരിക്കുന്ന ശമ്പളം തുടർന്നും അനുവദിക്കാൻ വ്യവസ്ഥ ചെയ്യുന്ന ഏതെങ്കിലും ഉത്തരവ് നിലവിലുണ്ടോ; പകർപ്പ് ലഭ്യമാക്കുമോ: | (ഡി) യും (ഇ) യും. ശമ്പളം തുടർന്നും അനുവദിക്കാൻ വ്യവസ്ഥയുണ്ട്. എന്നാൽ 2006-2007 മുതൽ 2009-10 വരെയുള്ള അദ്ധ്യയന വർഷങ്ങളിലെ അധിക ഡിവിഷൻ ഒഴിവുകളിൽ നടത്തിയ നിയമനങ്ങൾ അംഗീകരിക്കുന്നതിന് 12.01.2010-ലെ സ.ഉ (പി) നം 10/10/പൊ.വി. ഉത്തരവിലെ വ്യവസ്ഥകൾ കൂടി ബാധകമാണ്. ഈ വ്യവസ്ഥകൾ പാലിക്കപ്പെടുന്നുവെങ്കിൽ ശമ്പളമനുവദിക്കുന്നതിന് ഒരു നിയമ തടസ്സവുമില്ല. ബന്ധപ്പെട്ട ഉത്തരവുകളുടെ പകർപ്പ് അനുബന്ധം ആയി ചേർക്കുന്നു. |
| (ഇ) ഉണ്ടെങ്കിൽ പ്രസ്തുത തസ്തികയിലേയ്ക്ക് സ്ഥാനക്കയറ്റം നൽകി നിയമിക്കുന്ന അദ്ധ്യാപകർക്ക് സ്ഥാനക്കയറ്റത്തിന് മുമ്പ് വാങ്ങിക്കൊണ്ടിരുന്ന ശമ്പളം അനുവദിക്കുന്നതിന് എന്താണ് നിയമതടസ്സമെന്ന് വ്യക്തമാക്കുമോ? | |

സെക്ഷൻ ഓഫീസർ

([illegible])

———